# പതിമൂന്നാം കേരളനിയമസഭ
# പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 239**

**01.12.2014 -ലെ മറുപടിക്ക്**

## കാസർഗോഡ് പുല്ലൂർ-എടമുണ്ടയിലെ ഓട്ടോറിക്ഷാ ഡ്രൈവർ ആത്മഹത്യ ചെയ്ത സംഭവം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ. കുഞ്ഞിരാമൻ ഉദുമ** | **ശ്രീ. രമേശ് ചെന്നിത്തല**<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) അപകീർത്തികരമായ വാർത്തയുടെ പേരിൽ കാസർഗോഡ് ജില്ലയിൽ പുല്ലൂർ-എടമുണ്ടയിലെ ഓട്ടോറിക്ഷാ ഡ്രൈവർ രഞ്ജിത്ത് ആത്മഹത്യ ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) 14.10.2014ൽ കാസർഗോഡ് പുല്ലൂർ എടമുണ്ട എന്ന സ്ഥലത്തുള്ള ഓട്ടോ ഡ്രൈവറായ രഞ്ജിത്ത് എന്നയാൾ ആത്മഹത്യ ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ടിയാന്റെ പേരിൽ അപകീർത്തികരമായ വാർത്ത പ്രസിദ്ധീകരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) അപകീർത്തികരമായ വാർത്ത നൽകിയ സായാഹ്ന പത്ര ഉടമയ്ക്കെതിരെയും ലേഖകനെതിരെയും ഗൂഢാലോചനയിൽ പങ്കാളിയായവരുടെയും പേരിൽ ഇതു സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (ബി) ഇതു സംബന്ധിച്ച് അമ്പലത്തറ പോലീസ് സ്റ്റേഷൻ ക്രൈം നം. 441/2014 U/s 174 Cr.PC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയതിന്റെ അന്വേഷണം പൂർത്തിയായാൽ മാത്രമെ കൂടുതൽ വിവരങ്ങൾ വെളിവാവുകയുള്ളു. |

സെക്ഷൻ ഓഫീസർ